# രാജർഷി

പുസ്തകം 12 | ഇടവം 1121 | ലക്കം 10.

## മംഗളം

(ചെന്നിത്തല കെ. കൃഷ്ണയ്യർ)

“നിരാമയം, നിസ്തുലലേഖനാളീ-
വിരാജിതേ! വിശ്രുതമാസികേ! നീ,
ധരാതലത്തിൽ വിജയിക്ക നീണാൾ
പരാൽപ്പരൻതൻ കരുണാകടാക്ഷാൽ”

## മലയാളത്തിലെ നാടകങ്ങൾ.

(വിദ്വാൻ കുറുമല്ലൂർ നാരായണപിള്ള, കിടങ്ങൂർ)

ജീവിതത്തിൻെറ യഥാർത്ഥമാതൃകയെ കലയിൽക്കൂടി വ്യഞ്ജിപ്പിക്കുക എന്നുള്ളതായിരിക്കണം നാടകത്തിൻെറ ധർമ്മം. ചിരിയിലും കരച്ചിലിലും കൂടി ഉയർന്ന ജീവിതത്തിൻെറ നിഴൽപാട്ടിൽ എത്തിച്ചേരാൻ വഴി തെളിക്കുന്നതിൽ നാടകനിർമ്മാതാവിനു അജയ്യമായ കഴിവുണ്ടായിരിക്കേണ്ടതാണു്. വ്യക്തികൾക്കു നൂതനസന്ദേശങ്ങൾ നൽകിക്കൊണ്ടു് ഉൽകൃഷ്ടജീവിതമണ്ഡലത്തിലേയ്ക്കു നമ്മെ നയിക്കുന്ന നാടകങ്ങൾ ധാരാളമുണ്ടാകേണ്ടിയിരിക്കുന്നു.

“നാടകത്തിൻെറ കഥ കഴിച്ചു”— എന്നു തോന്നത്തക്കവണ്ണം പ്രകടനാഡംബര കോലാഹലം മുഴക്കിക്കൊണ്ടു് സിനിമ ദിഗ്വിജയം ചെയ്തുവന്നതു കണ്ടപ്പോൾ പല കലാകാരന്മാരുടെയും ഹൃദയത്തിന് ഒരു തുടിപ്പുണ്ടാകാതിരുന്നില്ല. എന്നാൽ കാര്യത്തിൻെറ ഗൌരവം അടുത്തു കണ്ടു കഴിഞ്ഞപ്പോൾ തെല്ലൊരാശ്വാസം വന്നു

സിനിമ നാടകത്തെ കൊന്നു കളഞ്ഞേക്കുമോ എന്നുള്ള അന്ധാളിപ്പിന് ഇപ്പോൾ ലവലേശം ആവശ്യമില്ല. ഈ അടുത്ത ഏതാനും കാലത്തിനിടയ്ക്കു മലയാളനാട്ടിൽ കുതിച്ചു കയറിക്കൊണ്ടിരിക്കുന്ന നാടകങ്ങളും, രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്ന നടന്മാരും എത്രയെത്രയെന്നു കണക്കു കൂട്ടുക ക്ഷിപ്രസാദ്ധ്യമല്ല. ഏതാനും കാലമായി തമിഴ് നാടകങ്ങളുടെ പിടിയിലകപ്പെട്ടു ശ്വാസംമുട്ടിക്കിടന്ന മലയാളനാടകങ്ങൾക്ക് ഇക്കാലത്ത് അഭൂതപൂർവ്വമായ ഒരുണർച്ചയും സ്വാതന്ത്ര്യവും ഉണ്ടായിക്കഴിഞ്ഞു. അതിന്റെ പ്രത്യക്ഷലക്ഷ്യങ്ങളാണ് കേരളക്കരയുടെ പല ഭാഗങ്ങളിലും നാടകക്കമ്പനികൾ സ്ഥാപിതമായിക്കാണുന്നത്. വർത്തമാനപ്പത്രങ്ങളിൽ കാണുന്ന നാടകപ്പരസ്യങ്ങൾ ഈ സംഗതിയുടെ യാഥാർത്ഥ്യത്തെ ഉച്ചൈസ്തരം ഉൽഘോഷണം ചെയ്യുന്നതാണെന്നുള്ളത് തർക്കമററ സംഗതിയാണ്.

മലയാളികൾ നാടകകലയുമായി പരിചയിച്ചു തുടങ്ങിയിട്ട് ഇനിയും ഒരു നൂററാണ്ടു തികഞ്ഞിട്ടില്ല. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഇതരപ്രസ്ഥാനങ്ങൾ പോലെ ഇന്നും നാടകപ്രസ്ഥാനം വളർന്നുകൊണ്ടുതന്നേ ഇരിക്കുന്നു. ഈ പ്രസ്ഥാനത്തിന് സമാശ്വസിക്കത്തക്കവണ്ണം ഒരഭിവൃദ്ധി ഉണ്ടായിക്കഴിഞ്ഞു എന്നു പറയുവാൻ, നിവൃത്തിയില്ല. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തർജ്ജിമ ചെയ്ത ശാകുന്തളം നാടകം കൊല്ലവർഷം 1053-ലാണെന്നു തോന്നുന്നു ആദ്യമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായത്. അതു മുതൽക്കാണ് മലയാളത്തിൽ നാടകസാഹിത്യത്തിന്റെ പ്രചാരം ഉണ്ടായിത്തുടങ്ങിയത്. കാളിദാസമഹാകവിയുടെ സാഹിത്യ സൗരഭസംഭൃതമായ ശാകുന്തളത്തിന്റെ മാധുര്യത്തിൽ ആമഗ്നരായ കേരളീയ ജനങ്ങൾ നാടകഭ്രമം മൂത്തു മൂത്ത് സഹൃദയസമാദരണീയങ്ങളായ അനവധി നാടകങ്ങൾ കൈരളിയുടെ പദകമലങ്ങളിൽ കാഴ്ചയർപ്പിച്ചിട്ടുണ്ട്. ശാകുന്തളത്തിനുതന്നെ മലയാളത്തിൽ ഇപ്പോൾ പന്ത്രണ്ടു പരിഭാഷകളോളം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഇന്നു നാടകസാഹിത്യപഥത്തിൽ പല പരിവർത്തനങ്ങളും ആവിർഭവിച്ചിരിക്കുന്നതായിക്കാണാൻ കഴിയും. മലയാളനാടകപ്രസ്ഥാനത്തിന് അതിന്റെ ആവിർഭാവകാലം മുതൽ ഇതഃപര്യന്തം ഉണ്ടായിട്ടുള്ള പരിവർത്തനങ്ങളെപ്രകാരമാണെന്നും ഇതിന്റെ അഭിവൃദ്ധിയ്ക്കു അവ എപ്രകാരം പ്രയോജകീഭവിക്കുന്നു എന്നും ചിന്തിക്കുന്നത് ഉപകാരപ്രദമാകുമെന്നു വിശ്വസിക്കുന്നു.

മലയാളത്തിലെ ആദ്യനാടകം വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തർജ്ജിമ ചെയ്ത ശാകുന്തളമായിരുന്നെങ്കിലും അതിനു മുൻപ് മലയാളികൾക്കു നാടകസാഹിത്യത്തെക്കുറിച്ചു പരിചയമില്ലാതിരുന്നില്ല. പണ്ഡിതന്മാരായ കലാപ്രണയികൾ സംസ്കൃതനാടകങ്ങളും ഇംഗ്ലീഷു നാടകങ്ങളും ബംഗാളി നാടകങ്ങളും വായിച്ചു ഗ്രഹിച്ചിരുന്നു. ഭാരതത്തിൽ എത്രയോ നൂററാണ്ടുകൾക്കു മുൻപുതന്നെ നാടകം പ്രചാരത്തിൽ ഇരുന്നിരുന്നു. പൗരാണികകാലത്തു ഭരതമുനിയുടെ നാട്യശാസ്ത്രസിദ്ധാന്തങ്ങളെ അനുസരിച്ച് എത്രഎത്ര നല്ല നാടകങ്ങൾ സംസ്കൃതത്തിൽ ഉണ്ടായിട്ടുണ്ട്. വിവിധതരത്തിലുള്ള നാടകസമ്പ്രദായങ്ങളേയും രംഗവിധാനങ്ങളേയും നിഷ്കർഷിച്ചു വിവരിച്ചുള്ള ഭരതമുനിയുടെ നാട്യശാസ്ത്രം ക്രിസ്തുവിനു രണ്ടു നൂററാണ്ടുകൾക്കു മുൻപായിത്തന്നെ ഉണ്ടായിട്ടുള്ളതാണെന്ന് ഊഹിക്കുന്നു. ചരിത്ര

കാരന്മാരുടെ ഈ അഭ്യൂഹം അസംഗതമല്ലെങ്കിൽ രണ്ടായിരം കൊല്ലങ്ങൾക്കു മുൻപുതന്നെ ഭാരതീയർ നാട്യകലയിലുള്ള പരിജ്ഞാനം എത്ര കണ്ടു സൂക്ഷ്മതരമായിട്ടുള്ളതാണെന്നു് നമുക്കു ബോധപ്പെടുന്നതാണ്. ശാകുന്തളം നാടകത്തിന്റെ ഒന്നാംരംഗം ചിത്രീകരിച്ചിരിക്കുന്ന ഒരു മാർബിൾശില ബംഗാളിലുള്ള ഒരു ഭൂഭാഗത്തിൽ ഇരുന്നൂറടിതാഴ്ചയിൽനിന്നും ഗവേഷകന്മാരുടെ ദൃഷ്ടികൾ വിഷയമാകുകയും അതിന്റെ നിർമ്മാണത്തിനു് ഏകദേശം രണ്ടായിരം കൊല്ലങ്ങളോളം പഴക്കമുണ്ടായേക്കാനിടയുണ്ടെന്നു് അഭിപ്രായപ്പെടുകയും ചെയ്തിട്ടുള്ളതായിക്കാണുന്നു. ഭാരതീയർ നാടക കഥകളെ ചിത്രീകരിക്കുന്നതിലുള്ള പാടവവും ഔത്സുക്യവും പൗരാണികകാലം മുതൽക്കേ പ്രശംസാർഹമായിട്ടുള്ളതാണെന്നു് ഇതിൽനിന്നും തെളിയുന്നു. ഭാസൻ കാളിദാസൻ തുടങ്ങിയിട്ടുള്ളവരുടെ നാടകങ്ങൾ പലതും ഭരതമുനിയുടെ നാട്യശാസ്ത്രത്തെ അനുസരിച്ചിട്ടുള്ളവയാണ്. ഭാസൻ ഒരു കേരളീയനായിരുന്നു എന്നു വാദിക്കുന്നവർപോലും ഭാസനാടകചക്രങ്ങളെക്കുറിച്ചു് പ്രശംസിക്കുന്നവരാകുന്നു. കാളിദാസൻപോലും ഭാസനെ ബഹുമാനിച്ചിരുന്നതായോർക്കുമ്പോൾ നാടകവിഷയത്തിൽ ഭാസനുണ്ടായിരുന്ന സ്ഥാനം എത്രമാത്രമായിരുന്നു എന്നു നമുക്കൂഹിക്കാം. സംസ്കൃതസാഹിത്യത്തിൽ സുപ്രതിഷ്ഠ സമ്പാദിച്ചിട്ടുള്ള അനവധി നാടകങ്ങൾ ഇന്നു കേരളീയർക്കു സുപരിചിതങ്ങളാണ്.

ഭാരതത്തിൽ ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളിൽ എത്രയോ കുറച്ചുമാത്രമാണു് ഇന്നു് അവശേഷിച്ചിട്ടുള്ളതു്. ധനലോഭികളും മതനിഷ്ഠന്മാരുമായ അനവധി വിദേശികളുടെ ആക്രമണത്തെ ഇൻഡ്യ പലപ്രാവശ്യം സഹിക്കേണ്ടതായിവന്നിട്ടുണ്ടു്. സംസ്കാരസമ്പന്നയായ ഭാരതമാതാവിന്റെ ഹൃദയത്തിനുണ്ടായിട്ടുള്ളടത്തോളം വേദന അന്യാക്രമങ്ങൾ മൂലം മറ്റേതൊരു രാജ്യത്തിനും അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്നു് തോന്നുന്നില്ല. ഭാരതനാടകങ്ങളുടെ ഹൈന്ദവസംസ്കാരം നിറഞ്ഞ ഹൃദയം ഹിന്ദുമതത്തിന്റെ പ്രചാരത്തിനു കാരണമാകുന്നതാകയാൽ ആ നാടകങ്ങളുടെ അഭിനയത്തെ നിരോധിക്കുന്നതിൽ അന്നത്തെ വിമതസ്ഥന്മാരായ ചില ഭരണകർത്താക്കൾ ജാഗരൂകത പ്രദർശിപ്പിച്ചു. കാലാന്തരത്തിൽ നാടകകലകൾക്കു് ഇതരകലകൾക്കു സംഭവിച്ചതുപോലെയുള്ള കോട്ടം ഇൻഡ്യയിൽ ഉണ്ടായി.

എന്നാൽ ഒരു വശത്തുകൂടി കുതിച്ചു കയറിക്കൊണ്ടിരുന്ന പാശ്ചാത്യപരിഷ്കാരം ഇൻഡ്യൻ രാഷ്ട്രീയസ്ഥിതികൾക്കുണ്ടാക്കിയ പലതരം പരിവർത്തനങ്ങളെപ്പോലെതന്നെ ഇൻഡ്യൻനാഗരികതകൾക്കും നാട്ടുഭാഷകൾക്കും ഇൻഡ്യൻസംസ്കാരത്തിനും കലകൾക്കും പൊതുവെ ഒരു മാറ്റം വരുത്തി. ഇതിന്റെ ഫലം ദേശീയസാഹിത്യത്തിലും കലകളിലും പ്രകടമായി പ്രത്യക്ഷപ്പെട്ടു. 1813 ൽ ഇൻഡ്യൻ വിദ്യാഭ്യാസപരിഷ്കാരത്തിനു വേണ്ട ആനുകൂല്യങ്ങൾ ചെയ്യുന്നതിനു ഈസ്റ്റിൻഡ്യാകമ്പനി താല്പര്യം പ്രദർശിപ്പിക്കയും പരിസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഇംഗ്ലീഷുതത്വശാസ്ത്രം സാമ്പത്തികശാസ്ത്രം പ്രകൃതിശാസ്ത്രം ഇവയെ അധികരിച്ചു് ഇംഗ്ലീഷിലുള്ള ഗ്രന്ഥങ്ങൾ ഇൻഡ്യൻവിദ്യാലയങ്ങളുടെ ഉപയോഗത്തിനുവേണ്ടി തർജ്ജമചെയ്യുന്നതിനും പാഠ്യപുസ്തകങ്ങൾ നൂതനമായി സൃഷ്ടിക്കുന്നതിനും സ്കൂളുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി ഒരു കമ്മറ്റി ഉണ്ടാക്കുന്നതിനു ഗവണ്മെന്റു് തീരുമാനിച്ചു. പാശ്ചാത്യഭാഷകളും ശാസ്ത്രങ്ങളും ഭാരതീയരു

ടെയിടയിൽ പരത്തുന്നതിന് അന്നു സാമാന്യം ഔത്സുക്യം ഭരണാധികാരികൾ പ്രദർശിപ്പിച്ചിരുന്നു. ഇക്കൂട്ടത്തിൽ പാശ്ചാത്യ പരിഷ്ക്കാരികളായ കലാപ്രേമികൾ ബംഗാൾ നാടകപരിഷ്ക്കാരത്തിൽ ഹൃദയംഗമമായ പ്രയത്നം ചെയ്തു. ബംഗാൾ നാടകചരിത്രത്തിൽ 1750 മുതൽ 1930 വരെ ഉള്ള കാലഘട്ടം ശ്രദ്ധേയമായ ഒന്നാണ്. പ്രഫസർ എസ്. കെ. ദാസ് ഗുപ്താ അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ വംഗീയനാടകങ്ങളെക്കുറിച്ചു ചർച്ചചെയ്തിട്ടുണ്ട്. 1756-ൽ കല്ക്കട്ടായിലെ ലാൻഡ് ബസാറിൽ ഇംഗ്ലീഷ് രീതിയിൽ പരിഷ്ക്കരിച്ചിട്ടുള്ള ഒരു നാടകമണ്ഡപം ആദ്യമായി ഉൽഘാടനം ചെയ്തതിനെത്തുടർന്ന് ഇംഗ്ലീഷ് നാടകങ്ങളെ വംഗഭാഷയിലേയ്ക്കു വിവർത്തനം ചെയ്തു. ബംഗാളികൾ അവരുടെ നാടകസാഹിത്യത്തെ പോഷിപ്പിച്ചുകൊണ്ടിരുന്നു. 18-ാം ശതകത്തിന്റെ പ്രാരംഭഘട്ടത്തിൽ ധനാഢ്യന്മാരും കലാപ്രേമികളും ആയ ബംഗാളികൾക്കു പുറമെ ബാരിസ്റ്റർ ഹ്യൂം, ഹാർഡ് ഹൈമാൻ വിൽസൺ, മുതലായ ചില ആംഗലേയ പ്രമാണികളും ഇക്കാര്യത്തിൽ ശ്രദ്ധ പ്രദർശിപ്പിച്ചു. ഇക്കാലത്തു പല ഇംഗ്ലീഷ് നാടകങ്ങളും സംസ്കൃത നാടകങ്ങളുടെ ഇംഗ്ലീഷു പരിഭാഷകളും ബംഗാളിൽ പ്രചാരത്തിൽ വന്നു. ഈ നൂറാണ്ടിൽ അനവധി നല്ല നാടകങ്ങൾ ബംഗാളിൽ ഉണ്ടായിട്ടുണ്ട്. ശ്രീഭരതറായി. രാമനാരായണതക്കരത്നം, മധുസൂദനദത്ത്, അമൃതലാൽ ബോസ്, സി. എൽ. റായി, ശശികുമാർ ബഹദൂർ, രവീന്ദ്രനാഥ ടാഗൂർ, എന്നീ മഹാശയന്മാരുടെ നാടകങ്ങൾ ബംഗാൾ നാടകങ്ങളിൽ പ്രാമുഖ്യം വഹിക്കുന്നതുകളാണ്. നാടകം ടിക്കററു വച്ചുതന്നെ നടത്തിവന്നിരുന്നതിനാൽ ധനവാന്മാർക്കൊഴിക്കെ സാമാന്യജനങ്ങൾക്കു കലാസ്വാദനത്തിനുള്ള അവസരം പലപ്പോഴും നഷ്ടപ്പെട്ടുകൊണ്ടിരുന്നു സാധുക്കളും നിർധനരും ആയവർക്കുകൂടി കലാസ്വാദനം ചെയ്യത്തക്കവണ്ണമായിരിക്കണം പ്രവർത്തകന്മാർ ശ്രമിക്കേണ്ടത് എന്നുള്ള അഭിപ്രായം ചിലരുടെയിടയിൽ അന്നുണ്ടാകാതെയിരുന്നില്ല നാടകങ്ങളുടെ പരിഷ്ക്കാരത്തിനു ശ്രമിച്ചവരുടെകൂട്ടത്തിൽ 'ഗിരീശചന്ദ്രഘോഷ്', എന്ന മഹാന്റെ നാമം പ്രഥമസ്മരണീയമാണ്. ആകപ്പാടെ നോക്കിയാൽ ബംഗാളിനാടകങ്ങൾക്കു അടുത്ത കാലത്തുണ്ടായ അഭിവൃദ്ധി ഭാരതത്തിലെ നാടകസാഹിത്യത്തിനു അഭൂതപൂർവ്വമായ ഒരുണർവുണ്ടാക്കി എന്നു പറയാം. ഇതുകൂടാതെ ഹിന്ദി നാടകങ്ങളും ഇന്ത്യയുടെ അന്തസ്സാരപൌഷ്കല്യത്തെ ദേശാന്തരങ്ങളിൽ വ്യാപിപ്പിക്കത്തക്കവണ്ണം അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്.

ഭാരതത്തിലുള്ള ഏതുരാജ്യക്കാർക്കും അസൂയാജനകമായവിധം സംസ്കൃതസാഹിത്യം കൈകാര്യം ചെയ്യുന്ന വിഷയത്തിൽ അപാരകൌതുകം പ്രദർശിപ്പിച്ചിട്ടുള്ളവരാണ് കേരളീയർ. ഇന്നും അപ്രകാരംതന്നെയിരിക്കുന്നു. സംസ്കൃതഭാഷാദേവിയുടെ താണ്ഡവമണ്ഡപത്തിൽ ധ്വനിക്കുന്ന കങ്കണക്വാണം കേട്ട് പുളകംപൂണ്ടുപോന്ന കേരളീയർക്കു നാടകങ്ങളോടിടപെടുന്നതിനു വളരെത്താമസം വേണ്ടിവന്നു. ബംഗാളികൾക്കു നാടകസാഹിത്യത്തിലുണ്ടായ അഭിവൃദ്ധിപോലെ നമുക്ക് ആശാവഹമായ അഭിവൃദ്ധിയുണ്ടായില്ലെങ്കിലും അഭിമാനിക്കത്തക്കതായ ഒരു സ്ഥിതി നമ്മുടെ നാടകകലയ്ക്കും സിദ്ധിച്ചിട്ടുണ്ടെന്ന് അതിന്റെ ചരിത്രം പരിശോധിച്ചാൽ അറിയാവുന്നതാണ്.

വലിയ കോയിത്തമ്പുരാന്റെ ശാകുന്തളം തർജ്ജമ, പലരേയും സംസ്കൃതനാടക

ങ്ങളുടെ പരിഭാഷയ്ക്കു് പ്രേരിപ്പിച്ചു. മലയാളത്തിൽ ചില നല്ലനാടകങ്ങൾ ഉദയം ചെയ്തുതുടങ്ങി. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, വള്ളത്തോൾ മുതലായിട്ടുള്ള പലരും തർജ്ജിമചെയ്തിട്ടുള്ള പലനാടകങ്ങളും ഇന്നു നമുക്കു ലഭിച്ചിട്ടുണ്ടു്. ശാകുന്തളം നാടകം വിദഗ്ദ്ധന്മാരായ ചിലനടന്മാർ ചേർന്നു തെക്കൻദിക്കുകളിൽ അഭിനയിച്ചുതുടങ്ങി. കണ്വൻ, ദുഷ്യന്തൻ, മുക്കുവൻ തുടങ്ങിയ ഏതു വേഷവും അത്ഭുതകരമായവണ്ണം അഭിനയിക്കുന്നതിൽ പ്രാഗത്ഭ്യം നേടിയ കൊല്ലം നാരായണപിള്ള എന്നൊരു സഹൃദയൻ ശാകുന്തളവുമായി ദിഗ്വിജയംചെയ്തു വടക്കൻ ദിക്കുകളിലേയ്ക്കു പുറപ്പെട്ടു. ഈ കാലത്തുതന്നെ തൃശ്ശിവപേരൂർ നഗരത്തിലും അഭിമാനിക്കത്തക്കവിധത്തിൽ ഒരു നാടകസംഘം ഉടലെടുത്തു് സഹൃദയജനഹൃദയങ്ങളെ അത്ഭുതപരതന്ത്രമാക്കത്തക്കവണ്ണം സജീവമായി പ്രവർത്തിച്ചിരുന്നു. കൊല്ലവർഷം 1065-ാമാണ്ടോടുകൂടിയാണു് തൃശ്ശിവപേരൂരിൽ നാടകം പ്രചാരത്തിൽ വന്നതെന്നു് തോന്നുന്നു. സജ്ജനസമാദരണീയനായ മന്നാടിയാർ "ജാനകീപരിണയം" നാടകം തർജ്ജിമചെയ്തു ഈ നാടകമാണു് അഭ്യസ്തവിദ്യരും കലാകുശലന്മാരും ആയ ചിലർ ആദ്യമായി തൃശ്ശിവപേരൂരിൽവെച്ചഭിനയിച്ചതു. ജാനകീപരിണയത്തെത്തുടർന്നു് മന്നാടിയാരുടെ "ഉത്തരരാമചരിതം" നാടകം പുറത്തുവന്നു. എന്നാലായിടയ്ക്കു് സരസനായ സി. പി. അച്യുതമേനോനവർകളും ഉത്തരരാമചരിതത്തിന്റെ ഒരു പരിഭാഷ പുറപ്പെടുവിച്ചു. വലിയ കാലതാമസം കൂടാതെ സമ്മാന്യവിദുഷിയായ തോട്ടയ്ക്കാട്ടു് ഇക്കാവമ്മയുടെ "സുഭദ്രാധനഞ്ജയം" നടുവത്തച്ഛന്റെ "ഭഗവദ്ദൂതു്" മുതലായ സ്വതന്ത്രനാടകങ്ങളും പുറത്തുവന്നു. അവയെ സഹൃദയലോകം വേണ്ടവണ്ണം കൊണ്ടാടുകയും ചെയ്തിട്ടുണ്ടു്.

ഈ നാടകപരിശ്രമങ്ങളെ സശ്രദ്ധം വീക്ഷിച്ചു കൊണ്ടിരുന്ന ഒരു കലാകുശലനായിരുന്നു ററി. സി. അച്യുതമേനവൻ അവർകൾ ഈ ഭാഷാഭിമാനി ഒരു സുപ്രസിദ്ധനായ കവിയും കൂടെയായിരുന്നു എന്നാണു് കേട്ടിട്ടുള്ളതു്. ഈ സന്ദർഭത്തിൽ ഇദ്ദേഹം "സംഗീത നൈഷധം" എന്നൊരു നാടകം രചിച്ചു. ഇതാണു് മലയാളത്തിലെ ആദ്യത്തെ സംഗീതനാടകം. ഈ നാടകത്തിനു് ഇപ്പോൾ ഇരുപത്തഞ്ചോളം പതിപ്പുകളിൽ കുറയാതെ ഉണ്ടായിട്ടുണ്ടെന്നുള്ളതോർക്കുമ്പോൾ സംഗീതനൈഷധത്തിനു മലയാളികളുടെയിടയിലുള്ള സ്ഥാനം എന്തെന്നു മനസ്സിലാക്കാവുന്നതാണു്. സംഗീത ഹരിശ്ചന്ദ്ര ചരിതം നാടകംകൂടി അച്യുതമേനവൻ അവർകൾ രചിച്ചിട്ടുണ്ടെന്നാണറിയുന്നതു്. തെക്കൻ ദിക്കുകളിൽ ചക്രപാണി വാര്യരവർകളുടെ വകയായി ഒരു ഹരിശ്ചന്ദ്രചരിതമാണു് പ്രചാരത്തിൽ ഇരിക്കുന്നതു്. ഇപ്രകാരം മലയാള നാടകങ്ങൾക്കു ചുരുങ്ങിയ കാലംകൊണ്ടു സവിശേഷമായ ഒരു രൂപം മാററം വന്നു. ശാകുന്തളം നാടകം തന്നെ കെ. സി. കേശവപിള്ള അവർകളും എരുവയിൽ ചക്രപാണി വാരിയരവർകളും ഗാനനാടകങ്ങളാക്കി പുതിയ രൂപം നൽകിയിട്ടുണ്ടെന്നുള്ളതു് ഇവിടെ സ്മരിക്കത്തക്കതാണു്.

കേരളീയ ജനഹൃദയങ്ങളിൽ സംഗീതനാടകഭ്രമം വർദ്ധിച്ചു വന്നപ്പോൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും തമിഴ്നാടകങ്ങൾ ഉദയം ചെയ്തു തുടങ്ങി. ഈ സന്ദർഭത്തിൽ കെ. സി കേശവപിള്ള അവർകൾ "സദാരാമസംഗീത നാടകം" രചിച്ചു. തമിഴ്നാടകങ്ങളുടെ രീതിയിൽ മലയാളത്തിലുണ്ടായ ആദ്യത്തെ നാടകം ഇ

താണ്. ഇത്തരം സംഗീത നാടകങ്ങൾ പിൽക്കാലത്തു വളരെ വർദ്ധിച്ചിട്ടുണ്ട്. സംസ്കൃത നാടകങ്ങളുടെ കർശന നിയമങ്ങൾ ഒന്നുംതന്നെ ഇത്തരം നാടകരചനയിൽ അവലംബിക്കേണ്ടതില്ല എന്നുള്ളതുതന്നെ ഈ നാടകങ്ങളുടെ പ്രചാരത്തിന് ഒരു മുഖ്യ കാരണമായി. സരസഗായകകവിയും നടനും ആയിരുന്ന കെ. സി. തന്നെ ഇതിൽ പ്രധാന വേഷക്കാരനായിരുന്നു. അദ്ദേഹത്തിൻെറ കൂടെ നാടകസ്റ്റേജിൽ അഭിനയം നടത്തിയിട്ടുള്ളവർ ഇന്നും അഭിമാനത്തോടുംകൂടി അദ്ദേഹത്തിൻെറ നടനപാടവത്തെക്കുറിച്ചു പറഞ്ഞു കേൾക്കുമ്പോൾ കൈരളിക്കു പററിയ നിർഭാഗ്യത്തെക്കുറിച്ച് സങ്കടപ്പെടുകയല്ലാതെ എന്താണു ചെയ്യുക! അദ്ദേഹത്തിൻെറ സദാരാമയ്ക്കു് മലയാളക്കരയിൽ കുയിൽനാദം വേലുനായര്, 'ബബ്ലൂലൻ— കുട്ടീശരൻ, എന്നു തുടങ്ങിയ ചില പ്രസിദ്ധ നടന്മാർ നേടിക്കൊടുത്ത പ്രശസ്തി സീമാതീതമായിട്ടുള്ളതാണ്. ഈ അടുത്ത കാലംവരെ തമിൾനാട്ടിൽനിന്ന് ധാരാളം നടീനടന്മാർ മലയാളത്തു കടന്ന് നാടകം കളിച്ചു വളരെപ്പണവും കീർത്തിയും നേടിയിട്ടുണ്ട്. സിനിമയിലും മററും അഭിനയിച്ചു ഖ്യാതി സമ്പാദിച്ചിട്ടുള്ള പലരും ഇന്നും കേരളത്തിലേക്കു വന്നുകൊണ്ടിരിക്കുന്നതു് അപൂർവ്വമല്ല. തമിൾനാടകങ്ങളുടെ പ്രചാരം വളരെ വർദ്ധിച്ചുകൊണ്ടിരുന്നെങ്കിലും ഏതാനും കാലമായിട്ട് ഒരുടവു തട്ടിയിരിക്കുന്നതായി കാണാവുന്നതാകുന്നു. അഭ്യസ്തവിദ്യരല്ലാത്ത പല നടന്മാരും ഈ വക നാടകയോഗങ്ങളിൽ കടന്നുകൂടി കുറഞ്ഞ പക്ഷം മൂന്നുനാലു കൊല്ലത്തെ പരിശീലനമെങ്കിലും സിദ്ധിക്കേണ്ടതിനു പകരം അന്നന്നു നാടകങ്ങളെഴുതി അന്നന്നു പഠിച്ച് ജനസാമാന്യത്തിന് മതിപ്പില്ലാതെയായി. എന്നുതന്നെയുമല്ല സംഗീതസാഹിത്യങ്ങളിൽ സാമാന്യ ജ്ഞാനമെങ്കിലും ആർജ്ജിക്കാത്ത പലരും സംഗീതനാടക നടന്മാരായും പ്രത്യക്ഷപ്പെട്ടു തുടങ്ങി. വാസനാബലത്തെ അഭ്യാസംകൊണ്ടു പരിപുഷ്ടമാക്കാതെയും വേണ്ടത്ര ഭാഷാജ്ഞാനം സമ്പാദിക്കാതെയും നാടകരംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിന് മടിയില്ലാത്ത നടന്മാർ ഉണ്ടായിക്കഴിഞ്ഞപ്പോൾ രസവേദികളായ ആളുകൾക്ക് ഇതിനോടു വിരസത ജനിച്ചതിൽ അതിശയിക്കാനില്ലല്ലോ

(തുടരും)

## ഉൾപ്പൂവ്.

(പഴവിൽ കുഞ്ഞൻ മാരാര്)

(കാകളി)

ഉൾപ്പൂവധീനത്തിലൊന്നിരുന്നീടവേ
ചിൽപ്പുരുഷാർച്ചനയ്ക്കായ്ക്കൊണ്ടുമൽസഖേ!
കണ്ടിടത്തൊക്കെയും പുഷ്പങ്ങളാരാഞ്ഞു
മണ്ടിഗ്ഗമിക്കുന്നുവല്ലോ ഭവാൻ സദാ.
കഷ്ടം! അതെന്നിയേ, തീപവൻമാർക്കതീ-
പ്പെട്ടിതൻ കൈവശംവെച്ചു തേടീടുമോ?
ഭൂലോകപാലകാരാധനത്തിന്നലം
ചേലോലുമുൾത്താരിനൊത്തതാമോർക്കിൽ
ഏതുവാൻ? ജാതിയാൽ പൂജിപ്പതിൽപ്പരം
പ്രീതനായ്ത്തീർന്നിടുംസാക്ഷാൽപരൻപുമാൻ
ചിത്തപങ്കേരുഹംകൊണ്ടുവേണ്ടുംവിധം
ഭക്തിപൂണ്ടർച്ചിയ്ക്കിലില്ലകില്ലല്പവും.
കർമ്മങ്ങൾവേണ്ടപോൽചെയ്യെങ്കിലല്ലാതെ
നന്മക്കാലുംഫലം കയ്യലാകാദ്ദൃഢം.

# *ശരണോപഹാരം.

## (ഒരു ആസ്വാദനം)

---

(വിദ്വാൻ ചെന്നിത്തല കെ. കൃഷ്ണയ്യർ)

മഹാകവി ഉള്ളൂർ ഇയ്യിടെ എഴുതീട്ടുള്ള ഉല്ലേഖകല്ലോലിതമായ ഒരു ശാസ്തൃകീർത്തനമാണ് ശരണോപഹാരം. ശബരിമല ധർമ്മശാസ്താവിനെയാണ് ഇതിൽ സ്തുതിച്ചിരിക്കുന്നത്. 'നരനായിങ്ങനെ' എന്നമട്ടിൽ വേണം ഈ കീർത്തനം ചൊല്ലാൻ. ഇതിനു സമാസമം എന്നൊരു പേര് വൃത്തമഞ്ജരിയിൽ നൽകിക്കാണുന്നു. പ്രസ്തുത കൃതിയിൽ ആകെ 125 ഗാനങ്ങളുണ്ട്. ഇതിനു മഹാകവിതന്നെ ഒരു ടിപ്പണി എഴുതിച്ചേർത്തിരിക്കുന്നു ഇതിലെ ഭാഷ വളരെ ലളിതവും ഹൃദ്യവുമാണ്. ഭാഷയിൽ ഇതുവരെ ഇത്രമനോഹരമായ ഒരു ശാസ്തൃകീർത്തനമുണ്ടായിട്ടില്ലെന്നു സധൈര്യം പ്രസ്താവിക്കാം. ശാസ്തൃഭക്തന്മാർക്കു ഈ കൃതി ഒരു വലിയ അനുഗ്രഹമാണ് മഹാകവിയുടെ ഭക്തി കവിഞ്ഞൊഴുകുന്ന ഹൃദയത്തിന്റെ അന്തർന്നാളത്തിൽനിന്നു നിർഗ്ഗമിച്ചിട്ടുള്ളതാകയാൽ ഇതിലെ ഓരോ വരിക്കും ഒരു പ്രത്യേകമാഹാത്മ്യം കാണുന്നുണ്ട്. തന്മൂലം ഈ കീർത്തനങ്ങൾ വായിക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു ആനന്ദം—ഒരു നിർവൃതി—അനുവാചകന്മാർക്കു അനുഭവഗോചരമാകുന്നു. ശബരിമലയ്ക്കുപോകാൻ മാലയിട്ടിട്ടുള്ള ഭക്തന്മാർക്കു ദിവസവും ചൊല്ലാൻ ഈ കീർത്തനങ്ങൾ ഏററവും പററിയവയാണ്. അതിനാൽ അവരുടെയിടയിൽ ഈ കൃതിക്കു കൂടുതൽ പ്രചാരം സിദ്ധിക്കാതിരിക്കയില്ല മലയാളക്കരയിലുള്ള ഹിന്ദുക്കളുടെ ഓരോ വീട്ടിലും ഈ വിശിഷ്ടകൃതിയുടെ ഒരു പ്രതി അവശ്യമുണ്ടായിരിക്കേണ്ടതാണ്.

മഹാകവിയുടെ മററുകൃതികളിലെന്നപോലെ ഈ ചെറിയ കൃതിയിലും ധാരാളം ഉല്ലേഖങ്ങൾ കാണുന്നുണ്ട്. ഏതാനും ദൃഷ്ടാന്തങ്ങൾ അടിയിൽ ചേർക്കുന്നു:—

1) വടിവെഴുംധ്വാന്തവസനം ചാർത്തിക്കൊ
ണ്ടടവിയുംഭക്തിവിവശയായ്
അടിയങ്ങൾക്കൊപ്പമവിടുത്തെക്കുള്ളപ്പാ-
ടനംചെയ്യുന്നോ?—ഭഗവാനേ!

2) ഇരുൾഞങ്ങൾക്കിതു മിഴികൾക്കഞ്ജനം
ചിരസേവ്യംഹിതം ശ്രുതഗീതം
ചരണശോണിതം സരണിപൂശിടും
സുരഭികുങ്കുമം—ഭഗവാനേ!

3) ധനുവാംമാസത്തിൽ പ്രകൃതി ഞങ്ങളി
ലനിശം തൂകിടും ഹിമബിന്ദു
ഗണനം ചെയ്യുന്നു സുരർ തളിക്കുന്ന
പനിനീരായ് ഞങ്ങൾ—ഭഗവാനേ!

4) സഭയരായ്മുന്നിൽനടകൊൾവോരങ്ങേ
കുതിരതൻ കുളമ്പടിഃപോലെ
പഥികർ വയ്പോരു വെടിമുഴങ്ങുന്നു
കതിനയിൽനിന്നു—ഭഗവാനേ!

5) മലയമായിടുമചലം മാർഗ്ഗത്തിൽ
സുലഭമായങ്ങേക്കൃപനേടാൻ
വലതുകയ്യാമിപ്പുഴയാൽ ഭക്തർക്കു
തെളിനീർ നൽകുന്നോ?—ഭഗവാനേ!

6) മലരുംമാലയദ്രവവുമായ്ക്കാന്ത-
മലയിലങ്ങയേ വിബുധന്മാർ
ഒളിവിൽഗ്ഗംഗകൊണ്ടഭിഷേകംചെയ്ത
ജലമോ കാണ്മതു—ഭഗവാനേ!

7) ഉരുളൻപാറക്കൽമുഴകളിൽത്തട്ടി-
ത്തെറിപെട്ടുംതണ്ണീർക്കണികകൾ
പരിസരസ്ഥലിക്കണിയിപ്പൂഹാരം
ചെറുമുത്താൽ മാറിൽ—ഭഗവാനേ!

---

* ഉടൻ പ്രസിദ്ധപ്പെടുത്താനിരിക്കുന്ന 'കവിരത്നമാലിക'യിൽനിന്ന്. പകർപ്പവകാശം ലേഖകന്.

8) പറവകളുടെ തതവും, മങ്ങേഴും
കരിയിലകൾതൻ സ്വനിതവും
'ശരണമയ്യപ്പാ ശരണ'മെന്നതിൻ
തരഭേദംതാനോ? — ഭഗവാനെ!

വർണ്ണനാവിഷയത്തിൽ മഹാകവിക്കുള്ള നൈസർഗ്ഗികമായ നൈപുണ്യം ഈ ഖണ്ഡകൃതിയിലും സ്പഷ്ടമായി കാണാവുന്നതാണ്. നോക്കുക! ശബരിമലശ്ശാസ്താവിൻെറ പാദാദികേശാന്തവർണ്ണന ചെയ്തിരിക്കുന്നതു്:

1) അവിടെക്കാണ്മതെന്തെതിരിൽ നാം?
സവിതൃകോടിതന്നുദയമോ? (സാക്ഷാൽ
ഭുവനശില്പിതൻ കരനൈപുണ്യത്തി-
ന്നവധിരേഖയോ? — ഭഗവാനെ!
2) കടമിഴിക്കോണിൻ ചലനത്താൽ വിശ്വം
നടനം ചെയ്യിക്കും പ്രഭുതയോ?
ചടുലഗാത്രിമാർ ഭൃഗുസുതേഷ്വിതൻ
നെടിയഭാഗ്യമോ? — ഭഗവാനെ!
3) മുടികൾതങ്ങളിൽച്ചട്ടചടെത്തട്ടി-
യുടയുമാറുമ്പർ തിരുമുമ്പിൽ
വടികളായ് വീണു പൊടികൾചൂടീടു-
മടിമലരിണ — ഭഗവാനെ!
4) കഴൽപണിഞ്ഞിടുംനരർതങ്ങളിൽനി
ന്നൊഴിയുംക്രൂരതൾ നിരതിങ്ങി
ചുഴലവേതൊഴും വടിവെഴും ചേല
തഴുകുംവാരര — ഭഗവാനെ!
5) മഴവില്ലിന്നു,മാൺമയിലിൻപീലിക്കും
പിഴമുഴപ്പിച്ചു പലമട്ടിൽ
മിഴികവർന്നിടും മണിയണിപ്പുഴ-
യൊഴുക്കും മാറിടം — ഭഗവാനെ!
6) വനതലത്തിലേ മൃഗഭയം തീർത്തു
മുനിജനങ്ങൾ തന്നഴൽപോക്കാൻ
കണയും വില്ലുമായ് തിരുനായാട്ടിനു'
തുണനില്ക്കും കൈകൾ — ഭഗവാനെ!
7) ഒളിയെഴുന്ന പൽക്കുരുമൊഴികൾ ചി-
ട്ടിളകിച്ചെഞ്ചൊടി മലരിങ്കൽ
വിളയുംതേൻ നുകർന്നിനിമയാർന്നെത്തും
കുളിർവെൺപുഞ്ചിരി — ഭഗവാനെ!
8) കരുണയെന്നപേർകലരുംവിൺപുഴ-
യ്ക്കുറവയായ് ലോകമഖിലവും
കുറവറക്കാത്തു പരിലസിച്ചീടും
തിരുമിഴി രണ്ടും — ഭഗവാനെ!
9) നിറമതിയോടു പടവെട്ടിപ്പട്ടു-
പരിവട്ടം കൊണ്ടതിരുമുഖം
കുറളിൽ വണ്ടിണ്ടയ്ക്കിടർ വളർത്തിടും
പുരികുഴൽത്തഴ — ഭഗവാനെ!
10) മുടിയിൽക്കട്ടിപ്പൊൻമകുടം; ചീരത്തി
ന്നടിയിൽ നൽച്ചെന്നീർമട്ടമലർ;-
ഇടയിലിത്തരമവിടുത്തെപ്പൂമെയ്
വടിവിൽ മിന്നുന്നു — ഭഗവാനെ!
11) അടിമുതൽരമ്യംമുടിയോളം; ഹാഹാ!
മുടിമുതൽ കാന്തമടിയോളം;
അടിയങ്ങൾക്കേതൊരവയവം കാണ്മാ
പടുതയുണ്ടിതിൽ? ഭഗവാനെ! (ൻ

താഴെ ഉദ്ധരിക്കുന്ന വരികളിലെ വ്യംഗ്യ ഭംഗി നോക്കുക!

1) കതിരവാ! നീ വാ പഴുതേഖദ്യോത-
പദവിപോയതിൽപ്പതറാതെ
ദ്രുതമിങ്ങെത്തുക പരമനാം പ്രഭാ-
പതിയെക്കൂപ്പുവാൻ — ഭഗവാനെ!
2) ത്രിദശനായകൻ തൃണസമൻ; പക്ഷേ
മധുരമാമങ്ങേത്തിരുമേനി
പതിവായ്ക്കാണ്മാൻ തന്നയനലാഭത്തിൽ
കൊതിയുള്ളോർ ഞങ്ങൾ — ഭഗവാനെ!

അക്ലിഷ്ടസുന്ദരങ്ങളായ അലങ്കാരങ്ങൾ പ്രയോഗിച്ചിട്ടുള്ള ചില വരികൾ അടിയിൽച്ചേർക്കുന്നു;—

1) ഹരിഹയനീലമണിശിലപോലെ-
യരുളുമോരങ്ങേത്തിരുമേനി
കരൾ കുളുർപ്പിക്കും മൃഗമദച്ചാറെ-
ന്നരചനുതോന്നി — ഭഗവാനെ!
2) തപനൻതൻപങ്കമകലുമാറുപോ-
യപരസിന്ധുവിൽ മുഴുകുന്നു
ശബരിമാമല മകരദീപത്തെ
സ്സുപദിവന്ദിപ്പാൻ — ഭഗവാനെ!
3) അനവധി ഭക്തരവിടേ നിർമ്മിച്ച
ഘനസാരശേഖരശിഖരികൾ
അനലനമ്പക്കും തഴവിടുംനേരം
കനകശൈലങ്ങൾ — ഭഗവാനെ!

സരസമായ ശ്ലേഷകല്പനയ്ക്കു് ഉദാഹരണമായി, "വിരസനായിട്ടും ജലധി വേഷ്ട്ടു്" മുതലായ വരികൾ ഉദ്ധരിക്കാവുന്നതാണു്.

"പലനിറംപെട്ടും സ്ഫടികദീപങ്ങൾ
പലമട്ടിൽകത്തിയെരികിലും
അലംഘ്യദീപ്തി പൂണ്ടവയിൽമിന്നിട്ടും
ജ്വലനമൊന്നല്ലീ — ഭഗവാനെ!

എന്നിങ്ങനെയുള്ള വേദാന്തതത്വങ്ങളടങ്ങിയ വരികളും ശരണോപഹാരത്തിൽ കാണാൻ കഴിയും.

ചുവടേ ചേൎക്കുന്ന വരികൾക്കുള്ള ഹൃദ്യതയും ഒഴുക്കും ശ്രുതിമാധുൎയ്യവും ഒന്നു വേറേതന്നെ.

1) കഴലിലെക്കുഴപ്പൊഴിയുമാറു മെയ്യ് —
തഴുകും തെന്നലിൻ തുണപററി
അഴകിൽ ഞങ്ങളങ്ങൊഴുകും പമ്പയാം
പുഴയിലെത്തുന്നു — ഭഗവാനെ!

2) ശരണമയ്യപ്പാ! ശരണമേവരും
ശരണമെന്നടിപണിവോനേ!
ശരണമെന്നെന്നുമടിയങ്ങൾക്കങ്ങേ—
ച്ചരണതാരിണ — ഭഗവാനെ!

താഴേ പകൎത്തുന്നവയെപ്പോലുള്ള ഹൃദയദ്രവീകരണചണങ്ങളായ ഭാഗങ്ങളും ഈ കൃതിയിലുണ്ടു്.

"കഴിവില്ലാതെയിപ്പിറവിയാഴിയിൽ
മുഴുകുന്നു ഞങ്ങളുയരുന്നു
കുഴയുന്നു കൈകാലവിടുന്നേയുള്ളു
തുഴയും തോണിയും — ഭഗവാനെ!"

പ്രസ്തുതകൃതിയിൽ സുലഭമായി പ്രയോഗിച്ചിട്ടുള്ള ശബ്ദാലംകാരങ്ങൾ ദ്വിതീയാക്ഷരപ്രാസവും അനുപ്രാസവുമാകുന്നു. ഇവയ്ക്കു ദൃഷ്ടാന്തങ്ങൾ മുമ്പു് ഉദ്ധരിച്ച ഭാഗങ്ങളിൽ കാണാവുന്നതാണു്. ആദിപ്രാസത്തിനു ചില ഉദാഹരണങ്ങൾ അടിയിൽ ചേൎക്കുന്നു:—

1) പരിമിതം പാരമടിയങ്ങൾക്കുള്ള
പരിമളഹീനം പദസൂനം

2) പതിനെട്ടാംപടി പരമദീൎഘമാം
പദവിതന്നന്തം പരിപൂതം.

3) പരരും ഞങ്ങളും പലരല്ലുകരി—
പ്പുരമതത്വമാം പടവേദി.

ഈ ലേഖനം അധോലിഖിതമായ ശരണോക്തിയോടുകൂടി അവസാനിപ്പിക്കാം!

1) ശരണമയ്യപ്പ! വിബുധനേതാവെ!
ശരണം സത്യക ജനിതാവെ!
ശരണം വില്ലാളിമുടിമണിപ്പൂണ്ണെ!
ശരണം സൎവ്വേശ! — ഭഗവാനെ!

2) ശരണമയ്യപ്പ! സഗുണബ്രഹ്മമെ!
ശരണം ത്രൈലോക്യസുകൃതമെ!
ശരണം ധൎമ്മത്തിൻസതതഗോപ്താവെ!
ശരണം ശാസ്താവെ! — ഭഗവാനെ!

3) ശരണമയ്യപ്പ! ശബരിമാമല
ശരണമാം സാധുജനബന്ധോ!
ശരണമാത്മജ്ഞവിനുതസൽകീൎത്തെ!
ശരണം ചിന്മൂൎത്തെ! — ഭഗവാനെ!

# ഝാൻസിയിലെ റാണി.

പരിഭാഷകൻ: കിഴക്കില്ലം വാസുദേവൻ നമ്പൂതിരി.

(നതോന്നത)

1 ഒന്നിളകി സിംഹാസനമൊക്കവേ, ഭ്രുകുടിചാപ-
മൊന്നുകൂടി നൃപന്മാൎക്കു വളഞ്ഞുയൎന്നു,

ഉത്തരംഗിതമായ് വീണ്ടും പുത്തനായ താരുണ്യശ്രീ
വൃദ്ധഭാരതമാതാവിൻ തിരുമേനിയിൽ,
ക്ഷീണമായ സ്വാതന്ത്ര്യത്തിൻ മൂല്യമറിഞ്ഞെല്ലാവരും
ഹൂണരേ ദൂരീകരിപ്പാനുറച്ചൊരുങ്ങി,
മിന്നലൊളി ചേർന്നുമിന്നി പഴയ കൃപാണവല്ലി
പിന്നെയുമൻപത്തിയേഴാമത്തെയബ്ദത്തിൽ,
ഞങ്ങളൊരു കഥകേട്ടിട്ടുണ്ടു, ബുന്ദേലോർവ്വിയിൽനി-
ന്നിങ്ങണഞ്ഞ ചാരണന്മാർ പറയുന്നതായ്:—
'ആണിനെപ്പോലായോധനക്ഷോണിതന്നിൽ ഝാൻസിയിലെ
റാണിയാൾ വീരതയോടെ പൊരുതി'യെന്നായ്.

2 കാനാപുര'നാനാ'ലക്ഷ്മീഭായിയാം സഹോദരിയെ-
ത്താനഴകിലോതിവന്നാൻ 'ഛബീലി'യെന്നായ്,
അച്ഛനവളേകപുത്രി, 'നാനാ'യോടിണങ്ങിയത്രേ-
യക്ഷരാഭ്യാസം ചെയ്തതും, ക്രീഡചെയ്തതും,
ഈട്ടി, വാൾ, പരിച, കഠാരാദിമാത്രമായിരുന്നു
കൂട്ടിനുണ്ടായിരുന്നതാക്കുമാരിയാൾക്കു,
പെണ്മണി പഠിച്ചു നാവിൽ പാഠമാക്കി ശിവാജിതൻ
വെണ്മയെഴും വീരകഥാഗാഥകളെല്ലാം.
ഞങ്ങളൊരു കഥ കേട്ടിട്ടുണ്ടു...............

3 ഞാനറിഞ്ഞില്ലാമഹതി ലക്ഷ്മിയോ, ദുർഗ്ഗയോപാർത്താൽ
നൂനമവൾ വീരലക്ഷ്മീനവാവതാരം!
രോമഹർഷമുണ്ടായ് വീരമഹാരാഷ്ട്രന്മാർക്കു മെയ്യിൽ
ശ്രീമതിതൻ കരവാളപ്രഹാരം കാൺകെ,
തായാട്ടുന്നാ,ളടരാടി,സൈന്യവ്യൂഹം നിബന്ധിച്ചു
നായാടി,ദുർഗ്ഗംതകർത്തു വിളയാടിനാൾ,
അന്വഹമവളുപാസിച്ചിരുന്നു, മഹാരാഷ്ട്രർതൻ
വന്ദ്യ കുലദൈവതമാമംബിക തന്നെ.
ഞങ്ങളൊരു കഥ കേട്ടിട്ടുണ്ടു...............

4 തങ്ങളിൽ വീരശ്രീയുമാ വൈഭവവും സമ്മേളിച്ചു,
മംഗളവാദ്യം മുഴങ്ങീ രാജധാനിയിൽ,
തുഷ്ടിയെങ്ങും നടമാടി, ബുന്ദേലവീരകീർത്തിതൻ
മട്ടിലെഴുന്നള്ളി ലക്ഷ്മീറാണി ഝാൻസിയിൽ.
സംഗമിച്ചാൾ * ചിത്രാംഗദ സവ്യസാചിയോടു,സർവ്വ-
മംഗലയിണങ്ങീ ചന്ദ്രശേഖരനുമായ്.
ഞങ്ങളൊരു കഥ കേട്ടിട്ടുണ്ടു...............

5 സമ്മദപൂർണ്ണമാം രാജധാനിയിൽസൗഭാഗ്യമോടു
നിർമ്മലശ്രീകളിയാടിയൊട്ടുനാൾ പക്ഷെ, (തുടരും)

* ഹിന്ദിയിൽനിന്നു്.